ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾത്തന്നെ എല്ലാ യൂണിവേഴ്സിറ്റികളിലും ഒരു മോണിട്ടറിംഗ് സെൽ ഉണ്ട്. എസ്.സി./എസ്.ടി., പിന്നോക്ക വിഭാഗക്കാർക്ക് ലഭിക്കേണ്ട റിസർവേഷൻ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ വേണ്ടി മോണിട്ടറിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ആ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. അതുകൊണ്ട് ഈ സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് അഡ്മിഷന്റെ കാര്യത്തിൽ റിസർവേഷൻ മാനദണ്ഡം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിപ്പിക്കുകയും അതിൽ വീഴ്ച വരുത്തുന്ന മാനേജുമെന്റുകളുടെ മേൽനടപടി സ്വീകരിക്കുകയും ചെയ്തുന്നുണ്ട്.

ശ്രീ. എം.പി. വർഗ്ഗീസ് : സർ, പട്ടികജാതി വിഭാഗത്തിന് ഭൂമി വാങ്ങുന്നതിന് ഇപ്പോൾ ലോൺ കൊടുക്കുന്ന സംവിധാനമുണ്ട്. 50 സെന്റ് ഭൂമി 1.50 ലക്ഷം രൂപയ്ക്ക് വാങ്ങുന്നതിനായി ഗ്രാന്റും ലോണുമായിട്ടാണ് ആ തുക നൽകി വരുന്നത്. പക്ഷേ ആ തുകയ്ക്ക് 50 സെന്റ് ഇപ്പോൾ ഒരിടത്തും കിട്ടാനുള്ള സാദ്ധ്യതയില്ല. അതുകൊണ്ട് ഭൂമിവാങ്ങുന്നതിനായി നൽകുന്ന സഹായധനം വർദ്ധിപ്പിക്കുന്നതിനോ അതല്ലെങ്കിൽ ഭൂമിയുടെ അളവ് കുറയ്ക്കുന്നതിനോ ഉള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അത് ഈ വർഷം തുടങ്ങിയ ഒരു പദ്ധതിയാണ്. അതിന് വമ്പിച്ച വിജയമായിരുന്നു. പല ആളുകളും 1.5 ലക്ഷം രൂപ കൊണ്ട് മുന്നേക്കർ വരെ ഭൂമി വാങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ ആ തുക വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാനുള്ള നടപടി

2 (*181) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി നിലമെച്ചപ്പെട്ടിട്ടുണ്ടെന്നും ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാവുന്നതാണെന്നും വൈദ്യുതി ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാവുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ കാലയളവിലും എത്ര സമയം വീതം ലോഡ് ഷെഡ്ഡിംഗ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദന-വിതരണ രംഗങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്നത്തേക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും, അതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) അറിയിച്ചിട്ടില്ല.

(ബി) ഉൽപ്പാദന നില മെച്ചപ്പെട്ടാലും ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കുന്നതിന് പ്രസരണ-വിതരണ ശൃംഖല മെച്ചപ്പെടേണ്ടതുണ്ട്. ഇതിലേക്ക് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴും പല സബ്-സ്റ്റേഷനുകളുടെയും ട്രാൻസ്ഫോർമറുകളും ലൈനുകളും ഓവർലോഡാണ്. പുതിയ ട്രാൻസ്ഫോർമറുകൾ വയ്ക്കുകയും ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന അരമണിക്കൂർ രാത്രികാല ലോഡ് ഷെഡ്ഡിംഗ് തുടർന്നു നടപ്പാക്കിയിരുന്നു. 17-10-'98 മുതൽ ജില്ലാ ആസ്ഥാനങ്ങളിൽ ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചിട്ടുണ്ട്. 15-6-'96 മുതൽ 20-6-'96 വരെ രാവിലെ 7 മുതൽ 10 വരെ ഒരു മണിക്കൂർ സൈക്ലിംഗ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു. നിലവിലുണ്ടായിരുന്ന ലോഡ് ഷെഡ്ഡിംഗ് ചില പ്രത്യേക അവസരങ്ങളിൽ താല്ക്കാലികമായി പിൻവലിച്ചിരുന്നു.

(ഡി) രണ്ടായിരാമാണ്ടോടുകൂടി ഉൽപ്പാദന വിതരണ രംഗങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പണി നടന്നുകൊണ്ടിരിക്കുന്ന നിലയങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ലോവർ പെരിയാർ, പേപ്പാറ, മാട്ടുപ്പെട്ടി, ബ്രഹ്മപുരം, പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ എന്നിവ ഇതിനകം കമ്മീഷൻ ചെയ്തു. എൻ.ടി.പി.സി. യുടെ കായംകുളം പദ്ധതിയിലെ രണ്ടു യൂണിറ്റുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കക്കാട് (50 മെഗാവാട്ട്) മലമ്പുഴ(2.5 മെഗാവാട്ട്), കോഴിക്കോട് ഡീസൽ നിലയം(128 മെഗാവാട്ട്) ബി. എസ്.ഇ.എസ്(157 മെഗാവാട്ട്), കായംകുളം പദ്ധതിയിലെ മൂന്നാം യൂണിറ്റ്(120 മെഗാവാട്ട്), എന്നിവ രണ്ടായിരാമാണ്ടോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം കേന്ദ്ര പൂളിൽനിന്നുള്ള വൈദ്യുതിയുംകൂടി ആകുമ്പോൾ വൈദ്യുതിയുടെ കാര്യത്തിൽ നാം സ്വയംപര്യാപ്തതമാകുമെന്നാണ് കണക്കാക്കുന്നത്.

പ്രസരണ-വിതരണ രംഗത്ത് നാല് 220 കെ.വി. സബ്-സ്റ്റേഷനുകളും, പതിനേഴ് 110 കെ.വി. സബ്സ്റ്റേഷനുകളും രണ്ട് 66 കെ.വി. സബ്സ്റ്റേഷനുകളും കമ്മീഷൻ ചെയ്തു കഴിഞ്ഞു. ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷനും, കുണ്ടറ, ഇടപ്പാൾ ഇവയുടെ അപ്ഗ്രഡേഷൻ ജോലികളും അനുബന്ധലൈനുകളുടെ പണിയും പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 1290 സർക്യൂട്ട് കിലോമീറ്റർ 220 കെ.വി. ലൈനും 406.8 സർക്യൂട്ട് കി.മീറ്റർ 110 കെ.വി. ലൈനും 26.2 സർക്യൂട്ട് കി.മീറ്റർ 66 കെ.വി. ലൈനും കമ്മീഷൻചെയ്തു. പതിമൂന്ന് 110.കെ.വി. സബ്സ്റ്റേഷനുകളും അഞ്ച് 66 കെ.വി. സബ്സ്റ്റേഷനുകളുംകൂടി രണ്ടായിരാമാണ്ടോടുകൂടി കമ്മീഷൻ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയ്ക്കു പുറമേ ആർ.ഇ.സി. യുടെ സഹായത്തോടെ നടപ്പിലാക്കുന്ന അഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകളും എൺപത്തിയാറ് 33 കെ.വി. സബ്സ്റ്റേഷനുകളും രണ്ടായിരമാണ്ടോടെ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ജോലികൾ യഥാസമയം പൂർത്തിയായാൽ രണ്ടായിരാമാണ്ടോടുകൂടി സംസ്ഥാനം വൈദ്യുതി പ്രസരണ-വിതരണ രംഗങ്ങളിൽ സ്വയംപര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി : നമ്മുടെ സംസ്ഥാനത്തെ കേന്ദ്രവിഹിതത്തിൽ കഴിഞ്ഞ 28 ദിവസംകൊണ്ട് 4.58 കോടിയൂണിറ്റിന്റെ കുറവാണ് ഉണ്ടായിരിക്കുന്നത്. അതായത് മേയ് 31 വരെ 90 ലക്ഷം യൂണിറ്റ് വൈദ്യുതി നമുക്ക് കേന്ദ്രപൂളിൽനിന്ന് കിട്ടിക്കൊണ്ടിരുന്ന സ്ഥാനത്ത് 50 ലക്ഷം യൂണിറ്റാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. 3 രൂപ 94 പൈസയ്ക്ക് കായംകുളം താപ വൈദ്യുതിനിലയത്തിൽനിന്ന് വൈദ്യുതി ലഭിക്കുകയും ഒരു രൂപ പത്തുപൈസയ്ക്ക് കേന്ദ്ര വൈദ്യുതി ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എന്തു കാരണത്താലാണ് നമുക്ക് കേന്ദ്രപൂളിൽനിന്നും കിട്ടിക്കൊണ്ടിരുന്ന വൈദ്യുതി പൂർണ്ണമായും എടുക്കാൻ കഴിയാതെ വരുന്നത്; അത് ആരുടെ ഭാഗത്തുനിന്നുമുള്ള അനാസ്ഥകൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്; ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. ശർമ്മ : കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിനുള്ള വൈദ്യുതിവിഹിതം സാധാരണഗതിയിൽ ലഭിച്ചുകൊണ്ടിരുന്നത് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതിൽനിന്ന് വ്യത്യസ്തമായി അൺ-അലോക്കേറ്റഡ് ഷെയറിന്റെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം പറയുന്നതെങ്കിൽ മുമ്പ് ലഭിച്ചതുപോലെ ഇപ്പോൾ കേന്ദ്രപൂളിൽനിന്നും അൺ-അലോക്കേറ്റഡ് ഷെയർ സംസ്ഥാനത്തിന് പഴയ അളവിൽ ലഭിക്കുന്നില്ല. കേന്ദ്രപൂളിൽനിന്നും മിക്കവാറും അൺ-അലോക്കേറ്റഡ് ഷെയറിന്റെ 80 ശതമാനവും ആന്ധ്രയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. അൺ-അലോക്കേറ്റഡ് ഷെയർ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതിന് കേന്ദ്രം കണക്കാക്കിയിട്ടുള്ള മാനദണ്ഡം പവർക്കട്ടും കൂടുതൽ സമയം ലോഡ് ഷെഡ്ഡിംഗുമുള്ള സ്റ്റേറ്റുകൾ എന്നനിലയിൽ ആണ് നിശ്ചയിക്കുന്നത്. ഇത് കേന്ദ്രഗവൺമെന്റിന്റെ വിവേചനാധികാരത്തിൽപ്പെട്ടതാണ്. നമ്മുടെ സ്റ്റേറ്റിന് ഇതിനകം അനുവദിക്കപ്പെട്ടിട്ടുള്ള, യഥാസമയം ലഭ്യമാകേണ്ടതായ വൈദ്യുതി തുടർന്നും കിട്ടിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് ഗവൺമെന്റിന്റെ മുമ്പിലുള്ള വിവരം.

ശ്രീ. മാമ്മൻ മത്തായി : ഇന്നത്തെ മലയാള മനോരമപത്രത്തിൽ കേന്ദ്രത്തിൽനിന്നും നമുക്ക് കിട്ടിക്കൊണ്ടിരുന്ന വൈദ്യുതിയുടെ കണക്കിനെക്കുറിച്ച് പറയുന്നുണ്ട്. അതിൽ പറയുന്നത്, "കഴിഞ്ഞ മേയ് 31-ാം തീയതിവരെ കേന്ദ്രത്തിൽനിന്ന് ദിവസം 95 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് നമുക്ക് ലഭിച്ചിരുന്നതെങ്കിൽ ആ സ്ഥാനത്ത് കഴിഞ്ഞ ദിവസം കൊടുത്തത് 50 ലക്ഷം യൂണിറ്റ് ആണ്. കേന്ദ്രവിഹിതം എടുക്കുന്നതിൽ കുറവ് വരുത്തരുതെന്ന് വൈദ്യുതി ബോർഡ് ചെയർമാൻ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. വൈദ്യുതി എടുക്കാത്തതുമൂലം ബോർഡിന് പ്രതിദിനം ഒരു കോടിയിലേറെ രൂപയുടെ നഷ്ടമുണ്ടാകുന്നുണ്ട്. കേന്ദ്രപൂളിൽനിന്നുള്ള വൈദ്യുതിക്ക് ഒരു രൂപ പത്തു പൈസയും കായംകുളം നിലയത്തിൽനിന്ന് ഉൽപ്പാദിക്കപ്പെടുന്ന വൈദ്യുതിക്ക് 3 രൂപ 96 പൈസയുമാണ് വിലവരുന്നത്. ഇതാണ് പത്രത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. അപ്പോൾ വളരെ വ്യക്തമായിത്തന്നെ മനസ്സിലാക്കാൻ കഴിയുന്നത് നമുക്ക് നിശ്ചയിച്ചിരിക്കുന്ന കേന്ദ്രവിഹിതം എടുക്കുവാൻ ഇലക്ട്രിസിറ്റി ബോർഡിന് കഴിയുന്നില്ല എന്നാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ കായംകുളം പദ്ധതിയിൽനിന്ന് കൂടിയവിലയ്ക്ക് വൈദ്യുതി എടുത്ത് ചാർജ്ജ് വർദ്ധിപ്പിച്ച് ഇവിടത്തെ ജനജീവിതം ദു:സ്സഹമാകുന്നതിനേക്കാൾ ഭേദമാണല്ലോ കേന്ദ്രപൂളിൽനിന്നും നമുക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടുന്നതായ വൈദ്യുതി പൂർണ്ണമായും എടുത്ത് നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുക എന്നത്. അതുകൊണ്ട് നമുക്ക് കേന്ദ്രപൂളിൽനിന്നും ലഭിക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി പൂർണ്ണമായും എടുത്ത് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുന്നതിനുവേണ്ട നടപടികളെടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : സംസ്ഥാനത്തിന് യഥാസമയം ലഭിക്കേണ്ടതായ കേന്ദ്ര വൈദ്യുതി വിഹിതം ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നാണ് ഗവൺമെന്റിന്റെ മുമ്പിലുള്ള വിവരം. അതുസംബന്ധിച്ച് പറഞ്ഞക്കാര്യത്തിന്റെ നിജസ്ഥിതിയെന്താണെന്ന് പരിശോധിച്ചശേഷമേ മറുപടി പറയാൻ കഴിയൂ.

ശ്രീ. കെ.എം. മാണി : എൻ.ടി.പി.സി. യുടെ ആഭിമുഖ്യത്തിലുള്ള കായംകുളം പ്രോജക്ടിൽ ഒരുദിവസം 230 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്നിരിക്കെ അവർ അത് 140 മെഗാവാട്ട് ആയിട്ട് കുറവുചെയ്തു. കേരള സർക്കാർ കൂടുതലായിട്ട് ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വാങ്ങാൻ തയ്യാറാകാത്തതുകൊണ്ടാണ് എൻ.ടി.പി.സി.യുടെ ഉൽപ്പാദനം കായംകുളത്ത് കുറച്ചിരിക്കുന്നു എന്ന റിപ്പോർട്ട് പത്രങ്ങളിലൊക്കെ വന്നതാണ്.അതിന്റെ സത്യാവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

ശ്രീ. എസ്. ശർമ്മ : ഇപ്പോൾ മഴക്കാലമായതുകൊണ്ട് സാധാരണഗതിയിലുള്ള വൈദ്യുതി ഉപയോഗം കുറച്ച് കുറഞ്ഞിട്ടുണ്ട്. ഉപയോഗം കുറയുമ്പോൾ, വൈദ്യുതി മാനേജുമെന്റിന്റെ ഭാഗമായി, സാമ്പത്തികബാദ്ധ്യതകൂടി കണക്കിലെടുത്ത് ഉല്പാദനം കുറച്ച് കുറയ്ക്കുന്നതായിരിക്കും നല്ലതെന്ന നിലയിലുള്ള ഒരഭിപ്രായം ബോർഡ് എൻ.ടിപി.സി. യോട് പറഞ്ഞിരുന്നു. അതിന്റെ അർത്ഥം എൻ.ടി.പി.സി.യിൽനിന്നും വൈദ്യുതി ഉപയോഗിക്കപ്പെടുകയും അതേസമയം ഉപയോഗം കൂടുന്ന സമയത്ത് പൂർണ്ണമായും എൻ.ടി.പി.സി. യുടെ സഹായംകൊണ്ട് മാത്രമേ നമുക്ക് വൈദ്യുതിക്ഷാമത്തിന് പരിഹാരം കാണാനാകൂ. എന്നാൽ ഉപയോഗം കുറയുന്ന സമയത്ത് ഉൽപ്പാദനം കുറയ്ക്കണമെന്നുള്ളത് വൈദ്യുതി മാനേജുമെന്റിന്റെ ഭാഗമായിട്ട് ഇങ്ങനെ ഒരഭിപ്രായം ഉണ്ടായിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ.എം. മാണി : ഇടുക്കി ഡാമിലെ കേടായ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിച്ചിരുന്നുവെങ്കിൽ ഈ മൺസൂൺ കാലത്ത് ജലസംഭരണിയിൽ ജലം നിറഞ്ഞു കിടന്നിരുന്ന സന്ദർഭത്തിൽ കൂടുതലായിട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമായിരുന്നു. അത് ചെയ്യാതെ പോയത് ഒരു കെടുകാര്യസ്ഥതയല്ലേ, അതിന്റെ ഫലമായി വമ്പിച്ച ഒരു സാമൂഹ്യനഷ്ടം കേരളത്തിനുണ്ടായിയെന്നു പറഞ്ഞാൽ നിഷേധിക്കുവാൻ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : അത് കഴിഞ്ഞ ആഴ്ചയല്ല, 1995 മുതൽ ഇടുക്കി ഡാമിന്റെ സ്ഫെരിക്കൽ വാൽവ് തകരാറിലാണെന്നും അറ്റകുറ്റപ്പണികൾ നടത്തി ഡാം സംരക്ഷിച്ചില്ലെങ്കിൽ അതിന് അപകടം സംഭവിക്കുമെന്നും പറഞ്ഞിരുന്നു. 1995 മുതൽ ഉൽപ്പാദനം നിറുത്തിവച്ചുകൊണ്ട് അറ്റകുറ്റപ്പണി നടത്താൻ കഴിയുന്നതായ ഒരു സാഹചര്യമല്ലായിരുന്നു. യഥാർത്ഥത്തിൽ 1995-98-വരെയുള്ള നാലുവർഷത്തെ വൈദ്യുതി ഉൽപ്പാദനത്തിന്റെ പൊതുസ്ഥിതി നോക്കുമ്പോൾ നമുക്ക് ആവശ്യമുള്ളത് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ ഉൽപ്പാദനം നിറുത്തിവയ്ക്കുന്നതിന്റെ ഫലമായി സ്റ്റേറ്റ് ഇരുട്ടിലേയ്ക്ക് പോകാതിരിക്കുന്നതിനുവേണ്ടായിരിക്കാം 1994-ൽ ആയാലും 1996-ൽ ആയാലും 1997-ൽ ആയാലും അറ്റകുറ്റപ്പണിയിലേയ്ക്ക് പോകാതിരുന്നത്. അവിടത്തെ പ്രൊഡക്ഷൻ ജനറേഷനെ ബാധിക്കുമെന്നുള്ളതുകൊണ്ടാണ്. അതായിരിക്കും അന്നത്തെ ഗവൺമെന്റും ബോർഡും ഇന്നത്തെ ഗവൺമെന്റും

LIBRARY ARCHIVES Kerala Legislative Assembly

പിന്നിട്ടവർഷങ്ങളിലെ ഗവൺമെന്റും ബോർഡുമൊക്കെ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനമെന്ന് ഞാൻ കണക്കാക്കുന്നു. അങ്ങ് ഉദ്ദേശിക്കുന്നതു പോലെ Phase ചെയ്ത് ചെയ്യാവുന്ന ഒരു വർക്കല്ല സ്ഫെരിക്കൽ വാൽവിന്റേത് എന്നാണ് കിട്ടിയിരിക്കുന്ന ടെക്നിക്കലായിട്ടുള്ള അഡ്വൈസ്. ഞാൻ തന്നെ ബോർഡിനോട് ചോദിച്ച ചോദ്യമാണത്. ഘട്ടംഘട്ടമായി പൂർത്തീകരിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകുമായിരുന്നുവെങ്കിൽ കഴിയില്ലേയെന്ന് ഞാൻ ചോദിച്ചു. അങ്ങനെ ഘട്ടംഘട്ടമായി ചെയ്യാൻ കഴിയുന്നതല്ല. ഇപ്പോൾ ഇത് നിറുത്താൻ കാര്യം ഇടുക്കി ഡാമിനെ സംബന്ധിച്ചിടത്തോളം ജലസംഭരണിയിൽ ഉള്ള ജലം കാത്തുസൂക്ഷിച്ചാലും വേനൽക്കാലത്ത് ജനറേറ്റ് ചെയ്യുന്നതിന് തീർച്ചയായും പ്രയോജനപ്പെടുത്താം. അതുകൊണ്ട് സാമൂഹ്യനഷ്ടമുണ്ടായിട്ടുണ്ട് എന്ന വാദഗതി അടിസ്ഥാനരഹിതമാണ്. അതേസമയം ബാക്കി വരുന്ന ചെറിയചെറിയ ജലവൈദ്യുതപദ്ധതികൾ full swing- ൽ ഈ പീരിഡിൽ ഉപയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതാണ് ഇതിന്റെ യഥാർത്ഥത്തിലുള്ള കാരണങ്ങൾ.

<u>ശ്രീ. സി.എഫ്. തോമസ്</u> : ഇതുവരെയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ പരമാവധി ചെലവ് കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുകയെന്നുള്ള നയം കൂടി സ്വീകരിച്ചുകൊണ്ട് നമ്മുടെ ജലവൈദ്യുത പദ്ധതികൾ. അതിന്റെ പരിപൂർണ്ണമായ സ്ഥാപിതശേഷി ലഭ്യമാക്കാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ? ജലവൈദ്യുത പദ്ധതിയാണ് ഇപ്പോൾ ലാഭകരമായിട്ടുള്ളത്, അതേ രക്ഷയുള്ളൂ, മറ്റെല്ലാം വലിയ ചെലവായിട്ടാണ് കാണുന്നത്. അതുകൊണ്ട് ജലവൈദ്യുത പദ്ധതിയിൽനിന്നും പരമാവധി ഉൽപ്പാദനമുണ്ടാക്കാനും അവയുടെ പണി സമയബന്ധിതമായിട്ട് തീർക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിച്ചുകൊണ്ട് ഈ ആവശ്യം പൂർണ്ണമായി നിറവേറ്റാൻ ആവില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ആശയം, ഏറ്റവും കുറഞ്ഞ ചെലവിൽ ലഭ്യമാക്കാൻ കഴിയുന്ന വൈദ്യുതി എന്നുള്ള നിലയ്ക്ക് ഏറ്റവും മുന്തിയ പരിഗണന നല്കേണ്ടതാണ്. അങ്ങയുടെ ചോദ്യത്തിലെ ഉള്ളടക്കത്തോട് പൂർണ്ണ യോജിപ്പാണ്. ഇപ്പോഴത്തെ സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ടും ഗവൺമെന്റ് പ്രത്യേകമായി ചർച്ച ചെയ്തുകൊണ്ടും പുതിയ ജലസ്രോതസ്സുകൾ എങ്ങനെ, ഏതു രൂപത്തിൽ ശാസ്ത്രീയമായി പ്രയോജനപ്പെടുത്താമെന്ന് പരിശോധിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ തന്നെ നിയോഗിക്കുവാൻ ഗവൺമെന്റ് ബോർഡിന് കഴിഞ്ഞ ആഴ്ചയിൽത്തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മുൻഗണന നല്കിവരുന്നു. അതിന്റെ ഭാഗമായിട്ടാണ് 20 വർഷക്കാലമായി പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് കണക്കാക്കപ്പെട്ടിരുന്ന കക്കാട് ജലവൈദ്യുത പദ്ധതി ഈ വരുന്ന 17-ാം തീയതി കമ്മീഷൻ ചെയ്യാൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ട്.

<u>ശ്രീ. സി.എഫ്. തോമസ്</u> : ഉൽപ്പാദനം മെച്ചപ്പെട്ടതുകൊണ്ട് പ്രയോജനമില്ല. പ്രസരണ-വിതരണരംഗം പഴയ രീതിയിൽ നില്ക്കുന്നതുകൊണ്ട് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ സാധിക്കുന്നില്ലെന്നു പറഞ്ഞു. രണ്ടായിരാമാണ്ടോടുകൂടി രണ്ട് കാര്യങ്ങളിലും സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കുമെന്ന ഒരു പ്രതീക്ഷയുണ്ട്. അതുകൊണ്ട് വിതരണരംഗത്തെ ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

തകരാറുകൾ പരിഹരിച്ച് ധാരാളം സബ് സ്റ്റേഷനുകളും, ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് ലൈനുകളുടെ ഒക്കെ ശേഷി ഇതിന്റെയെല്ലാം പ്രശ്നമുണ്ട്- അതും ഇയ്ക്കിടയ്ക്ക് റിവ്യൂ നടത്തിക്കൊണ്ട് 2000-ത്തിലെങ്കിലും പ്രസരണ-വിതരണ രംഗം മെച്ചപ്പെടുത്താനും ലോഡ്ഷെഡിംഗ് പിൻവലിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ഇവിടെ പ്രധാന ചോദ്യത്തിന് മറുപടി നല്കിയത് ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ല. രണ്ടായിരാമാണ്ടോടുകൂടി തന്നെ പ്രസരണ-വിതരണരംഗങ്ങളിൽ ഏറ്റവും ശക്തിപ്പെടുത്തുന്നതിനുവേണ്ടി പുതിയ ട്രാൻസ്ഫോർമറുകളും സബ് സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതുണ്ട്. അതിനുവേണ്ടി ഈ വർഷവും അടുത്തവർഷവും കൂടി 110,66,33 എന്നീ കെ. വി. സബ് സ്റ്റേഷനുകൾ 150 എണ്ണം ഈ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിൽ കാലതാമസം വരുന്നത് ലാന്റ് അക്വിസിഷനു വേണ്ടിയാണ്. അത് ഒഴിവാക്കാൻ കളക്ടർ ചെയർമാനും ബോർഡിന്റെയും മറ്റും ബന്ധപ്പെട്ട പ്രതിനിധികളും ഉൾപ്പെടുന്ന സമിതിയെ നേരിട്ട് നെഗോഷിയേഷൻ നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. റവന്യൂവകുപ്പു മന്ത്രിയും ഞാനും കൂടി ഇതിനെക്കുറിച്ച് ചർച്ച നടത്തി. ഇല ക്ട്രിസിറ്റി ബോർഡും റവന്യൂ ബോർഡും കൂടി ചർച്ച നടത്തി, സമയബന്ധിതമായി കാര്യങ്ങൾ നടത്തുന്നതിന് കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള നടപടിയെടുത്തു. കൂടാതെ സർക്കാർ ഭൂമി ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു. മൂന്ന് മാസത്തിനുള്ളിൽ ലാന്റ് അക്വിസിഷൻ നടപടി പൂർത്തീകരിക്കപ്പെടാൻ അതോടുകൂടിതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഈ വർഷംകൊണ്ട് തീർക്കാവുന്ന വിധത്തിൽ ഒരു ടൈം ബൗണ്ടായിട്ടുള്ള പ്രോഗ്രാം ഇതിനകം ആവിഷ്ക്കരിച്ചിട്ടുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ് : ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വിനീതമായ ഒരു അപേക്ഷയുണ്ട്. നമുക്ക് എന്നെങ്കിലും ഈ ഇരുട്ടിൽ നിന്നും കരകയറാൻ കഴിയുമോ? അങ്ങയുടെ ഇതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ പറഞ്ഞാൽ മതി. കേരളത്തിലെ എല്ലാ നദികളും കരകവിഞ്ഞൊഴുകുകയും പുതിയപുതിയ പ്രോജക്ടുകൾ ഉദ്ഘാടനം ചെയ്യുകയുമാണ്. എന്നിട്ടും നമുക്ക് ആവശ്യമുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയില്ല എന്നാണോ നമ്മൾ ധരിക്കേണ്ടത്; അതോ ആവശ്യത്തിനു മഴ കിട്ടിയാലും നമ്മൾക്ക് ഇങ്ങനെയൊക്കേ കഴിയൂ എന്നാണോ?

ശ്രീ. എസ്. ശർമ്മ : ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്കുള്ള യാത്ര ശക്തിയോടുകൂടി തുടരുകയാണ്. വ്യവസായങ്ങൾക്ക് 100 ശതമാനം പവർ കട്ടുണ്ടായിരുന്നത് ഇപ്പോൾ ഇല്ല. അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ആണ് ഇപ്പോഴുള്ളത്. ജില്ലാ ആസ്ഥാനങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് വിത്ഡ്രാ ചെയ്തു. ഞാൻ ഇന്നലെ ഒരു സബ്മിഷനു മറുപടിയായി പറഞ്ഞു, ജൂലൈ 1-ാം തീയതിക്കുശേഷം പൊതു ഒഴിവു ദിവസങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുമെന്ന്. അതിന്റെ കാരണം എന്താണെന്നു ചോദിച്ചാൽ ഒഴിവു ദിവസങ്ങളിൽ ലോഡ് കുറവായിരിക്കും. അപ്പോൾ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയാൽ നല്ല വെളിച്ചമുണ്ടാകും. അല്ലാതെ ലോഡ് ഷെഡ്ഡിംഗ് വിത്ഡ്രാ ചെയ്താൽ ഇവിടെ നേരത്തെ ചർച്ച ചെയ്തിട്ടുള്ളതുപോലെ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടും. അപ്പോൾ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിന്റെ പ്രയോജനം ജനങ്ങൾക്ക് ഫലപ്രദമായി ലഭിക്കുകയില്ല. ഉൽപ്പാദന പ്രക്രിയ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിയായിട്ട് തുടരുന്നുണ്ട്. അതനുസരിച്ച് സിസ്റ്റവും കൂടി ഇംപ്രൂവ് ചെയ്യുന്നതിനെ ആശ്രയിച്ചിട്ടാണ് പൂർണ്ണ പ്രയോജനം കിട്ടുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, നമുക്ക് ആവശ്യമുള്ളത്ര വെള്ളം ഉണ്ടായിട്ടും കൂടുതൽ കൂടുതൽ പുതിയ പ്രോജക്ടുകൾ ഉദ്ഘാടനം ചെയ്തിട്ടും ആവശ്യമുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയാതെ പോകുന്നത് അതിന്റെ ഫുൾ യൂട്ടിലൈസേഷൻ നടത്താത്തതുകൊണ്ടാണോ, അതോ കേടുവന്ന മെഷിനറികൾ മിക്കയിടത്തും ഇരിക്കുന്നതുകൊണ്ടാണോ? ഇതു പരിശോധിക്കാൻ കഴിയാതെ പോയത് കഷ്ടമായിപ്പോയി. ഔദ്യോഗിക കട്ടിനാണോ, അനൗദ്യോഗിക കട്ടിനാണോ നീളം കൂടുതൽ എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചാൽ കൊള്ളാം. ഇപ്പോൾ കട്ട് പലതരത്തിലാണ്. നമ്മുടെ നാട്ടിലൊക്കെ 3 കട്ടുണ്ട്. ആദ്യം കട്ട്, പിന്നെയൊരു കട്ട്, പിന്നെയുംകട്ട്. ചോദിച്ചപ്പോൾ മൂലമറ്റത്തെ പവർസ്റ്റേഷന് കേട് എന്നാണ് പറഞ്ഞത്. അത് ശരിയാക്കി എടുത്താലേ പറ്റൂ. ഒരു വായ് ചോറ് ഉണ്ണുമ്പോൾ കട്ട്, രണ്ടാമത്തെ ഉരുള എടുക്കുമ്പോൾ ഇരുട്ട്, ഇങ്ങനെ ഇരുട്ടിൽ തപ്പിത്തടഞ്ഞാണ് ജീവിക്കുന്നത്. ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ ശ്രമിക്കുക?

ശ്രീ. എസ്. ശർമ്മ : സർ, കേരളത്തിൽ ഇപ്പോൾ പവർകട്ട് ഇല്ല. അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ആണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. ചില സ്ഥലത്ത് ഏതെങ്കിലും തരത്തിൽ സാങ്കേതികമായ തകരാറ് സംഭവിച്ചാൽ ഈ രൂപത്തിലുള്ള പ്രത്യേക പ്രശ്നങ്ങൾ കണ്ടേക്കാം. അതിന്റെ നിജസ്ഥിതി പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം പരിശോധിക്കാവുന്നതാണ്. ഏതായാലും ഇപ്പോൾ അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് മാത്രമേയുള്ളൂ. എസ്.എസ്.എൽ.സി പരീക്ഷാ സമയത്ത് ലോഡ് ഷെഡ്ഡിംഗ് വിത്ഡ്രാ ചെയ്തു. പക്ഷെ മലപ്പുറം, കാസർഗോഡ്, കൊല്ലം ജില്ലയിലെ ചില ഭാഗങ്ങൾ, പത്തനംതിട്ടയിലെ ചില ഭാഗങ്ങൾ അവിടെയൊന്നും ഇതിന്റെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. കാരണം സിസ്റ്റം ശരിയല്ല. ശ്രീ. കുറുപ്പേട്ടൻ ഉദ്ദേശിക്കുന്നതുപോലുള്ള ഉൽപ്പാദനകുറവ് ഇവിടെയില്ല. ഉൽപ്പാദനം ശക്തിയായിട്ട് നടക്കുന്നുണ്ട്. അത് ലക്ഷ്യം വച്ചുകൊണ്ടുതന്നെ സമയബന്ധിതമായി പ്രോജക്ടുകൾ കമ്മിഷൻ ചെയ്യാൻ ടാർജറ്റ് അച്ചീവ് ചെയ്തു വരുന്നുണ്ട്. ജലസംഭരണികൾ എത്രതന്നെ നിറഞ്ഞ് കവിഞ്ഞ് വിതുമ്പി ഒഴുകിയാലും അതിനനുസരിച്ചുള്ള ഉൽപ്പാദനത്തിന് സിസ്റ്റം ശക്തിപ്പെട്ടുങ്കിൽ മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.

ശ്രീ. ടി.കെ. ബാലൻ : ലോക ക്രിക്കറ്റ് മാച്ച് നടക്കുന്ന ദിവസങ്ങളിൽ, ഇൻഡ്യ പങ്കെടുക്കുന്ന ദിവസം ലോഡ് ഷെഡ്ഡിംഗ് ഉണ്ടാകില്ല എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. പക്ഷെ കേരളത്തിലെ പല സെക്ഷനുകളിലും നിരുത്തരവാദപരമായി ആ സമയത്ത് ലോഡ് ഷെഡ്ഡിംഗ് നടപ്പിലാക്കുകയുണ്ടായി. അതുസംബന്ധിച്ച് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അതിൽ എന്തു നടപടിയാണ് ബോർഡ് എടുത്തിട്ടുള്ളത്?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം പറഞ്ഞ രൂപത്തിലുള്ള പരാതി ഒന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ പറഞ്ഞു, പവർകട്ട് ഇല്ല, ലോഡ് ഷെഡ്ഡിംഗ് മാത്രമേയുള്ളൂ എന്ന്. അത് ഒരു സാങ്കേതിക പദപ്രയോഗമണ്. മനുഷ്യരെ സംബന്ധിച്ചു പറയുമ്പോൾ വെളിച്ചം ഇല്ല; അതാണ് പ്രശ്നം. അദ്ദേഹം പറഞ്ഞു, ഒരു മണിക്കൂർ സൈക്ക്ളിംഗ് ലോഡ് ഷെഡ്ഡിംഗ്, അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പിരിവ് ചോദ്യത്തിന് മറുപടിയായിട്ട് അദ്ദേഹം ഇപ്പോൾ പറഞ്ഞതാണ്. ഈ രീതിയിൽ തുടർന്നു കൊണ്ടുപോയാൽ ഏത് കാലത്തേയ്ക്ക് നമ്മുടെ സിസ്റ്റം ഇംപ്രൂവ് ചെയ്ത് നേരെയാക്കാൻ സാധിക്കും? വൈദ്യുതിയുണ്ട്. പക്ഷെ സിസ്റ്റത്തിന്റെ തകരാറാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വൈദ്യുതിയുണ്ട് എന്നുപറയുമ്പോൾ മന്ത്രിയുടെ മറുപടിയിൽ ഒരു കാര്യം കൂടി വ്യക്തമാക്കിയാൽ കൊള്ളാം. സാധാരണഗതിയിൽ ഇവിടത്തെ ചെറിയ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്സ് ഒക്കെ വർഷകാലത്ത് അനുസ്യൂതം പ്രവർത്തിക്കുകയും വേനൽക്കാലത്ത് വലിയ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്സ് പ്രവർത്തിക്കുകയും ചെയ്യുക എന്നുള്ള ഒരു കീഴ്വഴക്കമുണ്ട്. ജനറേറ്ററിന്റെ കേടുപാടുമൂലം ഇപ്പോൾ അതെല്ലാം പൂട്ടിയിട്ടിരിക്കുകയാണ്. അത് ഇല്കട്രിസിറ്റി ബോർഡിന്റെ പിടിപ്പുകേടല്ലേ? അത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു; സൈക്ക്ളിംഗ് ലോഡ് ഷെഡ്ഡിംഗ് അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗും എന്നത്തേക്ക് സിസ്റ്റം ഇംപ്രൂവ് ചെയ്ത് പിൻവലിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : സൈക്കിളിംഗ് ലോഡ് ഷെഡ്ഡിംഗ് ഇപ്പോൾ ഇല്ല. ഞാൻ ഇതിന്റെ മെയിൻ ചോദ്യത്തിന് ആൻസർ ചെയ്ത സന്ദർഭത്തിൽ പറഞ്ഞത്, 15-6-1996 മുതൽ 20-6-'96 വരെ രാവിലെ 7 മുതൽ 10 മണിവരെ അത് ഉണ്ടായിരുന്നു എന്നുള്ളതാണ്. ഇപ്പോൾ രാവിലെ 7 മണി മുതൽ 10 മണി വരെ അങ്ങനെ ഇല്ലല്ലോ. മുമ്പ് ഏതെല്ലാം ഘട്ടങ്ങളിൽ ഉണ്ടായിരുന്നു, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ കാലയളവിലും എത്ര സമയം വീതം ഉണ്ടായിരുന്നു എന്ന ചോദ്യത്തിന് ആൻസർ ചെയ്തപ്പോൾ ഇയറും മാസവും പറഞ്ഞതാണ്. ഇപ്പോൾ അങ്ങനെ ഒന്നില്ല. പിന്നെ പ്രധാന പ്രോജക്ടുകളിൽ സംഭരണം നടത്തി വേനൽക്കാലത്ത് പ്രവർത്തിപ്പിക്കുകയും അതുപോലെ ചെറുകിട പ്രോജക്ടുകൾ പരമാവധി ഉപയോഗിക്കുകയും ചെയ്യുക എന്നുള്ളതാണ് ശരിയായിട്ടുള്ള രീതി എന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരി തന്നെയാണ്. ആ ചെറുകിട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിൽ ചിലതിന് തകരാറുകൾ ഉണ്ടായിട്ടുണ്ട്. അത് എത്രയും വേഗം തീർത്തുകൊണ്ട് ഈ സന്ദർഭത്തിൽ കൂടുതൽ പവർ ജനറേഷനായിട്ട് അവ ഉപയോഗിക്കണം എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : ഊർജ്ജ ഉൽപ്പാദനത്തോടൊപ്പം വളരെ പ്രധാനപ്പെട്ടതാണ് ഊർജ്ജ സംരക്ഷണവും. ഉൽപ്പാദനത്തിന്റെ വർദ്ധനവിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഊർജ്ജ സംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളതാണ്. ഗവേഷണം, പരിശീലനം, ബോധവൽക്കരണം തുടങ്ങിയവയാണ് അതിന്റെ മുഖ്യമായ പ്രവർത്തനങ്ങൾ. ഈ സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ? പരിശീലനവും ബോധവൽക്കരണവും ഏറ്റവും താഴെത്തട്ടിൽ നടക്കേണ്ട ഒന്നായതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവൽക്കരിപ്പിക്കാനും പരിശീലിപ്പിക്കാനും നടപടികൾ എടുക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ചോദിച്ച രൂപത്തിലുള്ള എനർജി മാനേജുമെന്റ് സെന്ററിന്റെ പ്രവർത്തനം ഫലത്തിൽ നടന്നുവരുന്നുണ്ട്. പക്ഷെ ആരുടേയും ശ്രദ്ധയിൽ ഇല്ലാത്തതുകൊണ്ട് നടക്കുന്നില്ല എന്നുള്ള തോന്നലിൽ നിന്നാണ് ഈ ചോദ്യം ഉയർന്നു വന്നിട്ടുള്ളത്. ഏതായാലും ഈ ചോദ്യവും കൂടി പരിഗണിച്ച് ഈ സ്ഥാപനം നടത്തിവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്ക് നല്ല പ്രചരണം കൊടുക്കാനും അവ കൂടുതൽ ഫലപ്രദമായി നടത്താനും എനർജി മാനേജുമെന്റ് സെന്ററിനോട് ആവശ്യപ്പെടാം.

സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

3 (*182)ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് പ്രസ്ഥാനം മറ്റ് കൊമേഴ്സ്യൽ ബാങ്കിംഗ് മേഖലയോട് കിടപിടിക്കാൻ തക്കവണ്ണം വളർത്തിക്കൊണ്ടു വരുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നിക്ഷേപകരെ ആകർഷിക്കുന്നതിനും നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് എന്തൊക്കെ പരിശോധനാ സമ്പ്രദായങ്ങളാണ് ഇന്ന് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ചില സഹകരണ ബാങ്കുകളിൽ ജീവനക്കാർതന്നെ നിക്ഷേപകരുടേയും മറ്റും പേരിൽ വൻ സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം പ്രവൃത്തികൾ സഹകരണ ബാങ്കുകളിൽ നിക്ഷേപകർക്കും പൊതുജനങ്ങൾക്കുമുള്ള വിശ്വാസം നഷ്ടപ്പെടുമെന്നുള്ളതിനാൽ ഇതിനെതിരെ എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) സഹകരണ ബാങ്കുകളിലെ ഇന്നുള്ള ആഡിറ്റ് സമ്പ്രദായം കുറ്റമറ്റതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് പ്രസ്ഥാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ശ്രീ. ഇ.വി. കുമാരൻ കമ്മിറ്റി ശ്രീ. ആർ. പരമേശ്വരൻപിള്ള കമ്മിറ്റി മുതലായവയുടെ ശുപാർശകളിൽ സർക്കാർ സ്വീകരിച്ചവ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ നിക്ഷേപം, കസ്റ്റമർ സർവീസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണബാങ്ക് വാണിജ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇപ്പോൾ മറ്റ് വാണിജ്യബാങ്കുകളെപ്പോലെ കുറ്റമറ്റതായി പ്രവർത്തിച്ചു വരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് പഠിച്ച് സഹകരണബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊഫസർ രഞ്ജിത്ത് കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly